# ഉപജില്ലാ സമിതി 1 കണ്ണൂർ

15-06-2023ന് പയ്യന്നൂർ താലൂക്ക് ഓഫീസിലെ പിഎയു5 ഓഫിസിൽ ചേർന്ന സിറ്റിസൺ അസിസ്റ്റൻസ് ഉപജില്ലാ സമിതി 1കണ്ണൂർ യോഗത്തിൽ പങ്കെടുത്തവരും യോഗ തിരുമാനങ്ങളും.

1.അനിൽ കെ എൻ   ഐ വി ഒ/എ ഡി, എൽ എസ് ജി ഡി

2.ബിജു പി വി   എ എക്സ് ഇ, പയ്യന്നൂർ ബ്ലോക്ക്

3.നിഥിൻകുമാർ എസ്   ഡ ടൌൺ പ്ലാനർ, എൽഎസ്ജിഡി, പ്ലാനിംഗ്

ഉപജില്ലാ സമിതി യോഗം 10.30ന് ആരംഭിച്ചു. സമിതി മുമ്പാകെ പുതുതായി അപേക്ഷകളൊന്നും പരിഗണനക്കായി വന്നില്ല. 03-06-2023 ന് സമിതി പരിശോധിച്ച് തീരുമാനമെടുത്ത് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുടർനടപടികൾക്കായി കൈമാറിയ അപേക്ഷകളിൽ മേൽ തീരുമാനങ്ങൾ പ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചെറുപുഴ, രാമന്തളി, ചെറുതാഴം, കല്ല്യാശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച റിപ്പോർട്ട് ഉപസമിതി പരിശോധിച്ച് താഴ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1.രാമന്തളി പഞ്ചായത്ത് സെക്രട്ടറി 09/06/2023 ലെ 401026/BACG01/GPO/2023/ 2822/(1)നമ്പർ കത്ത് പ്രകാരം ശ്രീ കായംകുളവൻ ഫിറോസ്, ശ്രീ കുണ്ടോറ കുഞ്ഞിക്കണ്ണൻ എന്നിവർക്ക് യഥാക്രമം 09-06-2023, 06-06-2023 തീയ്യതികളിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട് എന്നറിയിച്ചു. സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ കായംകുളവൻ ഫിറോസ്(ഡോക്കറ്റ് നമ്പർ BPKNR 11101000001), ശ്രീ കുഞ്ഞിക്കണ്ണൻ കുണ്ടോറ(ഡോക്കറ്റ് നമ്പർ BPKNR11101000283) എന്നിവരുടെ പരാതികൾ തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

2.ചെറുതാഴം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/06/2023 ലെ .401021/GGPS02/ General Administration/2023/5396/(1) നമ്പർ കത്ത് പ്രകാരം ശ്രീ രാജേഷ് കെ വി സുമ പി എന്നിവരുടെ വിവാഹം 14-06-2023ന് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ശ്രീ ജോസഫ് എം കെ യുടെ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ടെന്നും

*Created By: Sign Doc*

അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ രാജേഷ് കെ വി (ഡോക്കറ്റ് നമ്പർ CRKNR11096000001) പരാതിയും ശ്രീ ജോസഫ് എം കെ(ഡോക്കറ്റ് നമ്പർ BPKNR 11096000290)പരാതിയും തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

3.കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/06/2023ലെ 401035/FMAU05/ General Section/2023/4516/(1) ലെ നമ്പർ കത്ത് പ്രകാരം ശ്രീമതി ദിവ്യശ്രീ ശ്രീജിത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന റിപ്പോർട്ട് പരിഗണിച്ച ഉപ-സമിതി ശ്രീമതി ദിവ്യശ്രീ ശ്രീജിത്തിന്റെ (ഡോക്കറ്റ് നമ്പർ TLKNR11110000280) അപേക്ഷ തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

4.15-06-2023ലെ ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ .401032/BACG01/ GPO/2023/5819/(2) നമ്പർ കത്ത് പരിശോധിച്ച ഉപസമിതി ശ്രീ കടയക്കര സുരേഷിന്റെ പെർമിറ്റ് പുതുക്കി നൽകിയിട്ടുണ്ടെന്ന റിപ്പോർട്ട് പരിഗണിച്ച് ശ്രീ കടയക്കര സുരേഷിന്റെ പരാതി(ഡോക്കറ്റ് നമ്പർ BPKNR11107000001) തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

15/06/2023

കൺവീനർ & ഇന്റേണൽ വിജിലൻസ് ഓഫീസർ
സിറ്റിസൺ അസിസ്റ്റൻസ് അദാലത്ത്
ഉപജില്ലാ സമിതി 1 കണ്ണൂർ

Created By: Sign Doc